പാനൂർ സബ് ട്രഷറി കെട്ടിട നിർമ്മാണം

38 [351] ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങളം നിയോജകമണ്ഡലത്തിലെ പാനൂർ സബ് ട്രഷറി പ്രവർത്തിക്കുന്ന വാടക കെട്ടിടം ഒഴിപ്പിക്കുന്നതിനുവേണ്ടി കെട്ടിട ഉടമ കോടതിയിൽനിന്നും അനുമതി വാങ്ങിയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഞ്ചായത്തും പൊതുജനങ്ങളും ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി നൽകാമെന്ന ഉറപ്പിന്മേൽ ഭൂമി ലഭിച്ചാൽ കെട്ടിടം പണിയുന്നതിന് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുയോജ്യമായ ഭൂമി സൗജന്യമായി ലഭിച്ചാൽ മാത്രമെ ട്രഷറിക്ക് വേണ്ടി കെട്ടിടം നിർമ്മിക്കുവാൻ പണം അനുവദിക്കാൻ സാധിക്കുകയുള്ളൂ.

കാഞ്ഞിരംകുളത്ത് സബ് ട്രഷറി

39 [352] ഡോ. നീലലോഹിതദാസൻ നാടാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് എത്ര സബ് ട്രഷറികൾ പ്രവർത്തിക്കുന്നു; അവ ഏതെല്ലാം;

(ബി) കാഞ്ഞിരംകുളത്ത് സബ് ട്രഷറി സ്ഥാപിക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, അതു സംബന്ധിച്ച് എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 20 സബ് ട്രഷറികൾ പ്രവർത്തിക്കുന്നു; അവ താഴെ ചേർക്കുന്നു:

1. അഡീഷണൽ സബ് ട്രഷറി, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം.
3. പെൻഷൻ പെയ്മെന്റ് സബ് ട്രഷറി, തിരുവനന്തപുരം.
4. വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം.
5. ചിറയിൻകീഴ് സബ് ട്രഷറി, തിരുവനന്തപുരം.
6. കഴക്കൂട്ടം സബ് ട്രഷറി, തിരുവനന്തപുരം.

LIBRARY ARCHIVES Kerala Legislative Assembly